**24.10.2017-ൽ ചേർന്ന ഭരണപരിഷ്കാര കമ്മീഷന്റെ ഒൻപതാമത് യോഗത്തിന്റെ നടപടി കുറിപ്പ്**

യോഗം വൈകുന്നേരം 3.30 ന് ചെയർമാന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. കമ്മീഷൻ അംഗങ്ങളായ ശ്രീ.സി.പി.നായർ, ശ്രീമതി നീലാ ഗംഗാധരൻ, കമ്മീഷൻ മെമ്പർ സെക്രട്ടറി ശ്രീമതി ഷീല തോമസ് എന്നിവർ യോഗത്തിൽ സന്നിഹിതരായിരുന്നു.

കമ്മീഷന്റെ കഴിഞ്ഞ എട്ടു യോഗങ്ങളിലെ തീരുമാനങ്ങളുടെ പൂർത്തീകരണം വിലയിരുത്തേണ്ടതുണ്ട് എന്നും വകുപ്പുതല/സ്ഥാപനതല കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്നും തുടക്കത്തിൽ തന്നെ ചെയർമാൻ ചൂണ്ടിക്കാട്ടുകയുണ്ടായി. വകുപ്പിൽ നിന്നോ വകുപ്പ് അദ്ധ്യക്ഷന്മാരിൽ നിന്നോ സമ്മർദ്ദം ചെലുത്തി വാങ്ങിയെടുക്കുന്ന വിവരങ്ങളെക്കാൾ വിശ്വാസ്യത യഥാർത്ഥ ഗുണഭോക്താക്കളായ ജനങ്ങളിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങൾക്കുണ്ട് എന്നും ചെയർമാൻ അഭിപ്രായപ്പെട്ടു. മുൻ ഭരണപരിഷ്കാര കമ്മിറ്റികളുടെ ശുപാർശകൾ യാന്ത്രികമായി ആവർത്തിക്കപ്പെടാതിരിക്കാനാണ് ശുപാർശകളുടെയും അവയിൽ നടപ്പാക്കപ്പെടാതെപോയതിന്റെയും കാരണങ്ങൾ സംബന്ധിച്ച് ഒരു രേഖ തയ്യാറാക്കാൻ മുമ്പ് തീരുമാനിച്ചിരുന്നുവെങ്കിലും സി.എം.ഡി. യെ ചുമതലപ്പെടുത്തിയ ആ രേഖ ഇതുവരെയും തയ്യാറായിട്ടില്ല എന്ന കാര്യവും ചെയർമാൻ എടുത്തു പറഞ്ഞു.

വിജിലൻസ് സംവിധാനത്തെ കുറിച്ചുള്ള കമ്മീഷന്റെ ആദ്യ റിപ്പോർട്ടിന്റെ നടപ്പാക്കൽ സംബന്ധിച്ച തൽസ്ഥിതി മനസ്സിലാക്കണം. ലോകായുക്ത, ഓംബുഡ്സ്മാൻ തുടങ്ങിയ അഴിമതി വിരുദ്ധ സംവിധാനങ്ങളെ കുറിച്ചുള്ള പഠനവും ശുപാർശകളും രൂപപ്പെടുത്തുക, പാർശ്വവൽകൃത വിഭാഗങ്ങളുടെ ക്ഷേമനിയമങ്ങൾ സംബന്ധിച്ച വിലയിരുത്തലിനായി പ്രസിദ്ധീകരിച്ച ചോദ്യാവലി ഫലപ്രദമായ ആശയവിനിമയത്തിന് ഉതകിയോ എന്ന് പരിശോധിക്കണമെന്നും കൂടാതെ, കമ്മീഷൻ ഉദ്യോഗസ്ഥർ വിവിധ സ്ഥാപനങ്ങളിൽ നടത്തിയ സന്ദർശനത്തിന്റെ അവലോകന റിപ്പോർട്ട് സമഗ്രമാക്കേണ്ടതുണ്ടെന്നും ലഭിച്ച പ്രസക്തമായ വിവരങ്ങൾ പ്രയോജനപ്പെടുത്താനുള്ള പ്രവർത്തന പദ്ധതി, റിപ്പോർട്ട് ഘട്ടത്തിൽ ഉൾപ്പെടുത്തണമെന്നും ചെയർമാൻ നിർദ്ദേശിച്ചു. KILA യെ ഏതെല്ലാം മേഖലകളിലെ പഠനങ്ങളിൽ ഏതളവുവരെ ബന്ധപ്പെടുത്തണമെന്നത് സംബന്ധിച്ച വ്യക്തത ഉണ്ടാകണമെന്നും ചെയർമാൻ കൂട്ടിച്ചേർത്തു.

ചെയർമാന്റെ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും മെമ്പർ സെക്രട്ടറിയുടെ വിശദീകരണവും കമ്മീഷൻ മെമ്പർമാരുടെ അഭിപ്രായങ്ങളും തുടർന്ന് ചർച്ച ചെയ്തു. അജണ്ടയിലെ ഓരോ വിഷയവും പ്രത്യേകമായെടുത്ത് വിശദമായ ചർച്ച നടത്തുകയും ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**തീരുമാനങ്ങൾ**

| അജണ്ട ഇനം നമ്പർ | വിഷയം | തീരുമാനങ്ങൾ |
|---|---|---|
| 1 | 30.08.2017-ലെ ഭരണപരിഷ്കാര കമ്മീഷന്റെ 8-ാമത് യോഗതീരുമാനങ്ങൾ- മിനിട്സ് അംഗീകരിക്കൽ | മിനിട്സ് അംഗീകരിച്ചു. |
| 2 | 30.08.2017-ലെ ഭരണ പരിഷ്കാര കമ്മീഷന്റെ 8-ാമത് യോഗതീരുമാനങ്ങൾ- നടപടി റിപ്പോർട്ട് | നടപടി റിപ്പോർട്ട് അംഗീകരിച്ചു (ഇത് സംബന്ധിച്ച കൈക്കൊണ്ട കൂടുതൽ തീരുമാനങ്ങൾ ഈ മിനിട്സിന്റെ '**മറ്റ് തീരുമാനങ്ങളിൽ**' ഉൾപ്പെടുത്തിയിട്ടുണ്ട്.) |
| 3 | ഭരണപരിഷ്കാരത്തിനായുള്ള വകുപ്പുതല/സ്ഥാപനതല കമ്മിറ്റികൾ ഊർജ്ജിതമാക്കുന്നത് സംബന്ധിച്ച്. | ബന്ധപ്പെട്ട വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും മേധാവികൾ ഗവ.സെക്രട്ടറിമാർ, നോഡൽ ഓഫീസർമാർ, എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗം 2017 നവംബർ 3 ന് ഗവ. ഗസ്റ്റ് ഹൗസിലോ, ഐ.എം.ജി.യിലോ സൗകര്യപ്രദമായ സ്ഥലത്ത് നടത്തുവാൻ തീരുമാനിച്ചു. രാവിലെ 10 മണിക്ക് ആരംഭിക്കുന്ന യോഗം ഉച്ചയ്ക്ക് 12.30 ന് അവസാനിക്കും. |
| 4 | ഉദ്യോഗസ്ഥശേഷിവികസനം- ശില്പശാല നടത്തുന്നത് സംബന്ധിച്ച് | ഉദ്യോഗസ്ഥശേഷിവികസനം എന്ന വിഷയവുമായി ബന്ധപ്പെട്ട സംസ്ഥാനതല ശില്പശാല 2017 നവംബർ 13 ന് നടത്തുവാൻ തീരുമാനിച്ചു. രാവിലെയും ഉച്ചയ്ക്കുമായി സെഷനുകളായാണ് ശില്പശാല സംഘടിപ്പിക്കുക. ശില്പശാലയുടെ വിഷയാവതരണം നടത്താൻ മുൻ ചീഫ് സെക്രട്ടറി ശ്രീ. എസ്. എം. വിജയാനന്ദിനെ ക്ഷണിക്കാനും തീരുമാനിച്ചു. ശേഷി വികസനം സംബന്ധിച്ച ശുപാർശകൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് ഡിസംബർ മാസത്തിൽ പൂർത്തീകരിക്കേണ്ടതാണെന്നും തത്വത്തിൽ (In Principle) തീരുമാനിച്ചു. |

| | | |
|---|---|---|
| 5 | ക്ഷേമ നിയമങ്ങളുടെ അവലോകനം സംബന്ധിച്ച പഠനം- സെമിനാർ/- വർക്ക്ഷോപ്പ് നടത്തുന്നത് സംബന്ധിച്ച്. | ഏകദിന സെമിനാർ 2017 ഡിസംബർ 13 ന് നടത്തുവാൻ തീരുമാനിച്ചു. സെമിനാറിന് ക്ഷണിക്കപ്പെടേണ്ടവരിൽ ഈ വിഷയവുമായി ബന്ധപ്പെട്ട മുൻ മന്ത്രിമാരെയും, മാധ്യമ പ്രവർത്തകരെയും കൂടി ക്ഷണിക്കാൻ തീരുമാനിച്ചു. |
| 6 | ക്ഷേമനിയമങ്ങളുടെ അവലോകനം സംബന്ധിച്ച പഠനം- പബ്ലിക്ക് ഹിയറിംഗ് നടത്തുന്നത് സംബന്ധിച്ച് | ചെയർമാൻ പങ്കെടുക്കുന്ന മൂന്ന് പബ്ലിക് ഹിയറിംഗുകൾ മേഖല തിരിച്ചും വിഷയം തിരിച്ചും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ നടത്തുവാൻ തീരുമാനിച്ചു. ഇതിൽ തിരുവനന്തപുരത്ത് വനിതാ ക്ഷേമം എന്ന വിഷയത്തെ അധികരിച്ച് ഡിസംബർ 2-ാം വാരം പബ്ലിക് ഹിയറിംഗ് നടത്തുവാൻ തീരുമാനിച്ചു. കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ വിഷയങ്ങളും തീയതിയും തുടർന്ന് തീരുമാനിക്കുന്നതാണ്. ക്ഷേമനിയമങ്ങളുടെ അവലോകനം സംബന്ധിച്ച പഠന റിപ്പോർട്ട് 2018 ജനുവരി മാസത്തിൽ പൂർത്തീകരിക്കണമെന്ന് തത്വത്തിൽ (In Principle) തീരുമാനിച്ചു. |
| 7 | കമ്മീഷന്റെ പ്രവർത്തനം - വിവിധ വകുപ്പുകൾ പുലർത്തുന്ന നിസ്സംഗത ശ്രദ്ധയിൽപ്പെടുത്തുന്നത് സംബന്ധിച്ച് | അജണ്ട 3-ൽ തീരുമാനിച്ചതുപോലെ വകുപ്പതല/സ്ഥാപനതല കമ്മറ്റികളുടെ യോഗം ചേർന്ന ശേഷം പ്രതീക്ഷിത മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാം. സ്ഥാപനതല കമ്മിറ്റികൾ ഫലപ്രദമാകാത്ത സാഹചര്യത്തിൽ അതത് വകുപ്പുകളുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ പ്രതികരണങ്ങൾ ശേഖരിച്ച് ക്രോഡീകരിക്കാനും തീരുമാനിച്ചു. |
| 8 | കമ്മീഷന്റെ ഓഫീസ് ഐ.എം.ജി. യിലേയ്ക്ക് മാറ്റുന്ന നടപടി - നിലവിലെ അവസ്ഥ സംബന്ധിച്ച്. | ഇക്കാര്യത്തിൽ പ്രവർത്തനപുരോഗതിയില്ലാത്തതിൽ കമ്മീഷൻ അതൃപ്തി രേഖപ്പെടുത്തി. |
| 9 | ഉദ്യോഗസ്ഥ ശേഷി വികസനം- കമ്മീഷൻ ഉദ്യോഗസ്ഥർ വിവിധ പരിശീലന സ്ഥാപനങ്ങളിൽ നടത്തിയ സന്ദർശനങ്ങൾ സംബന്ധിച്ച റിപ്പോർട്ട്. | കമ്മീഷൻ ഉദ്യോഗസ്ഥർ വിവിധ പരിശീലന സ്ഥാപനങ്ങളിൽ നടത്തിയ സന്ദർശനങ്ങളുടെ സമഗ്രമായ അവലോകന റിപ്പോർട്ട് തയ്യാറാക്കാൻ തീരുമാനിച്ചു. |

**മറ്റ് തീരുമാനങ്ങൾ**

1. 'കില'യെ ഏതെല്ലാം മേഖലകളിൽ ഏതു രീതിയിലാണ് സഹകരിപ്പിക്കേണ്ടത് എന്നത് സംബന്ധിച്ച് കമ്മീഷൻ കൃത്യത വരുത്തിയ ശേഷം അവരുമായി കൂടിയാലോചന നടത്താൻ തീരുമാനിച്ചു.

2. പൊതുജനങ്ങളുമായി സംവദിക്കുന്നതിന് ചോദ്യാവലികൾ മാത്രം മതിയാവില്ലെന്നും മുൻ യോഗങ്ങളിൽ തീരുമാനിച്ചതുപോലെ ചർച്ചകൾ, ചോദ്യാവലി, സമൂഹമാധ്യമങ്ങൾ, മാധ്യമറിപ്പോർട്ടുകൾ തുടങ്ങിയ സാദ്ധ്യതകൾ കൂടി പ്രയോജനപ്പെടുത്തണമെന്നും തീരുമാനിച്ചു.

3. പൗരകേന്ദ്രീകൃത സേവനങ്ങൾ (Citizen Centric Services) സംബന്ധിച്ച പഠനം 2018 മാർച്ച് മാസത്തോടെ പൂർത്തീകരിച്ച് റിപ്പോർട്ട് തയ്യാറാക്കണമെന്ന് തീരുമാനിച്ചു.

4. കമ്മീഷന്റെ 10-ാമത് യോഗം ഡിസംബർ14 ന് വൈകുന്നേരം 3.30 ന് കൂടുന്നതിന് തീരുമാനിച്ചു.

യോഗം വൈകീട്ട് 5.00 മണിക്ക് അവസാനിച്ചു.